19805
30/10/19

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 18.07.2015-ൽ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പടിഞ്ഞാറു ഭാഗത്ത് വെച്ചുണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന വള്ളം തകർന്നതിന് ധനസഹായവും പരിക്കേറ്റ 5 പേർക്ക് ചികിൽസാ ധനസഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ : 2663/2019/റവ. തിരുവനന്തപുരം, തീയതി, 26.09.2019.

==========================================

പരാമർശം:- 1. ശ്രീ രാജേഷ് കിണറ്റുംമൂട്ടിൽ, തറയിൽകടവ് ബഹു. മത്സ്യതൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച 14.02.2017-ലെ അപേക്ഷ.

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 19.11.2018-ലെ എ.ബി.3/20111/2017/ /ആ.വ.ഡ. നമ്പർ കത്ത്.

3. ആലപ്പുഴ ജില്ലാകളക്ടറുടെ 13.08.2019-ലെ എൻ.1-711/2019 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. രാജേഷ് കിണറ്റുംമൂട്ടിലിന്റെ ഉടമസ്ഥതയിലുള്ള കൈലാസനാഥൻ എന്ന വള്ളം തൊഴിലാളികളുമായി മത്സ്യബന്ധനത്തിന് പോകവേ 18.07.2015-ൽ കടൽക്ഷോഭത്തെ തുടർന്ന് വള്ളവും എഞ്ചിനും മത്സ്യബന്ധന സാമഗ്രികളും പൂർണ്ണമായും നഷ്ടപ്പെടുകയും തൊഴിലാളികൾക്ക് പരിക്കുപറ്റി ചികിൽസയിലാണെന്നും ആയതിനാൽ വള്ളവും മറ്റു അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനായി ധനസഹായം അനുവദിക്കണമെന്നും പരിക്കേറ്റവർക്ക് ചികിൽസാ സഹായം അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചു.

2. 18.07.2015-ൽ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പടിഞ്ഞാറു ഭാഗത്ത് വെച്ചുണ്ടായ അപകടത്തിൽപ്പെട്ട വ്യക്തികളെ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ നേരിട്ട് വിളിച്ച് പരിശോധന നടത്തിയിരുന്നതായും പരിശോധന സമയത്ത് 5 പേർ മാത്രമാണ് ഹാജരായിട്ടുള്ളുവെന്നും ഇവരെ പരിശോധന നടത്തിയതിൽ അപകടത്തിൽപ്പെട്ടിട്ടുള്ളതും ആയതിന് ചികിൽസ തേടിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

3. ആറാട്ടുപുഴ വില്ലേജിൽ തറയിൽകടവ് മുറിയിൽ കിണറ്റുംമൂട്ടിൽ വീട്ടിൽ ശ്രീ. രാജേഷിന്റെ ഉടമസ്ഥതയിലുള്ള കൈലാസനാഥൻ എന്ന മത്സ്യബന്ധന വള്ളം 20 മത്സ്യതൊഴിലാളികൾ ഉൾപ്പെടെ ജോലിയിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ ശക്തമായ കടൽക്ഷോഭത്തിൽ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പടിഞ്ഞാറ് ഭാഗത്ത് വെച്ച് 18.07.2015-ൽ നാശനഷ്ടം ഉണ്ടാകുകയും തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നതായും പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തു.

...2/-

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടൽക്ഷോഭത്തിൽ വള്ളവും വലയും മറ്റു സാമഗ്രികളും പൂർണ്ണമായി നഷ്ടപ്പെട്ട ആറാട്ടുപുഴ വില്ലേജിൽ കിണറ്റുംമൂട്ടിൽ വീടിൽ ശ്രീ. രാജേഷിന് 7,500/- (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും പരിക്കേറ്റ താഴെപ്പറയുന്ന 5 പേർക്ക് 8,000/- (എണ്ണായിരം രൂപ മാത്രം) രൂപ വീതവും അനുവദിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1 | ബിബിൻ ഉളിക്കശ്ശേരയിൽ വീട്, വലിയഴീക്കൽ ആറാട്ടുപുഴ വില്ലേജ്, ആലപ്പുഴ |
| 2 | ഗിരീഷ്. ആർ. കിണറ്റുംമൂട്ടിൽ, തറിയിൽകടവ് വലിയഴീക്കൽ, ആലപ്പുഴ |
| 3 | സാബു, പണ്ടകശ്ശാല, വലിയഴീക്കൽ പി.ഒ., ആലപ്പുഴ |
| 4 | സുർജിത്ത്. എസ്. പുത്തൻപറമ്പിൽ വീട്, തറയിൽകടവ്, വലിയഴീക്കൽ പി.ഒ., ആലപ്പുഴ |
| 5 | സജിമോൻ, നെടിയത്ത് വീട്, തറയിൽക്കടവ്, വലിയഴീക്കൽ. പി.ഒ., ആലപ്പുഴ |

5. വിതരണത്തിനാവശ്യമായിവരുന്ന തുക 47,500/- രൂപ (നാൽപ്പത്തേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ ഫണ്ട്സ് വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ബിബിൻ ഉളിക്കശ്ശേരയിൽ വീട്, വലിയഴീക്കൽ, ആറാട്ടുപുഴ വില്ലേജ്, ആലപ്പുഴ

ഗിരീഷ്. ആർ. കിണറ്റുംമൂട്ടിൽ, തറിയിൽകടവ്, വലിയഴീക്കൽ, ആലപ്പുഴ.

സാബു, പണ്ടകശ്ശാല, വലിയഴീക്കൽ പി.ഒ., ആലപ്പുഴ.

സുർജിത്ത്. എസ്., പുത്തൻപറമ്പിൽ വീട്, തറയിൽകടവ്, വലിയഴീക്കൽ പി.ഒ., ആലപ്പുഴ

...3/-

സജിമോൻ, നെടിയത്ത് വീട്, തറയിൽക്കടവ്, വലിയഴീക്കൽ. പി.ഒ., ആലപ്പുഴ

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- റവന്യൂ (ഡി.ആർ.എഫ്. - എ) വകുപ്പ്

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.